# ഗാർഹികാന്വേഷണം അസാധുവാണെന്ന് പ്രഖ്യാപിച്ചതിനു ശേഷം മേനേജ്മെന്റ് തെളിവ് നല്കിയില്ല: പിരിച്ചുവിട്ട തൊഴിലാളിയെ തിരിച്ചെടുക്കണം

## മദ്രാസ് ഹൈക്കോടതി

W.P. No. 1905/2013 Dt. 12.8.2020

തമിൾനാടു സ്റ്റേറ്റ് ട്രാൻസ്പോർട്ട്
കോർപ്പറേഷൻ
x
ലേബർ കോർട്ട്

കോർപ്പറേഷനിൽ ബസ് കണ്ടക്ടറായി നിയമിതനായ തൊഴിലാളി അവിടത്തെ യൂണിയനിൽ സജീവമായി പ്രവർത്തിച്ചിരുന്നു. ഒരിക്കൽ അയാൾ ഡിപ്പോ മേനേജർക്കെതിരെ കൈക്കൂലി വാങ്ങിയതു സംബന്ധിച്ച് പോലീസിൽ പരാതി നല്കി. വിശദമായ അന്വേഷണത്തിനു ശേഷം പ്രസ്തുത പരാതി കഴമ്പില്ലാത്തതാണെന്ന് മേനേജ്മെന്റിന് ബോധ്യപ്പെട്ടിരുന്നു. അപ്രകാരമിരിക്കെ ഒരു ദിവസം പിരിഞ്ഞു കിട്ടിയ പണം ഡിപ്പോയിൽ ഏല്പിക്കാതെ കണ്ടക്ടർ അപഹരിക്കുകയുണ്ടായി. ഇത് കണ്ടുപിടിച്ച മേനേജ്മെന്റ് അയാൾക്ക് കാരണം-കാണിക്കൽ നോട്ടീസ് നല്കുകയും ഗാർഹികാന്വേഷണം പ്രഖ്യാപിക്കുകയും ചെയ്തു. ഗാർഹികാന്വേഷണം ഒറ്റ ദിവസം കൊണ്ട് അവസാനിപ്പിച്ച അന്വേഷണ ഉദ്യോഗസ്ഥൻ തൊഴിലാളിക്കെതിരെയുള്ള കുറ്റാരോപണം തെളിഞ്ഞിട്ടുണ്ടെന്ന് കാണിച്ച് റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേനേജ്മെന്റ് കണ്ടക്ടറെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. ഇതു സംബന്ധിച്ച് തൊഴിലാളി ലേബർ കോടതിയിൽ പരാതി നല്കി. അന്വേഷണം ഒറ്റ ദിവസം കൊണ്ട് അവസാനിപ്പിച്ച അന്വേഷണ ഉദ്യോഗസ്ഥൻ തന്റെ സാക്ഷികളെ വിസ്തരിക്കുന്നതിനുള്ള അവസരം നല്കിയില്ലെന്നും രേഖകളുടെ പകർപ്പ് തനിക്ക് നല്കിയില്ലെന്നും മറ്റും ആരോപിച്ചു. തൊഴിലാളിയുടെ ആരോപണങ്ങൾ മേനേജ്മെന്റ് നിഷേധിച്ചെങ്കിലും ആവശ്യമെങ്കിൽ തെളിവ് നല്കാൻ അനുവദിക്കണമെന്ന് മേനേജ്മെന്റ് ആവശ്യപ്പെട്ടില്ല. ഗാർഹികാന്വേഷണം കുറ്റമറ്റ വിധത്തിലല്ല നടത്തിയതെന്നും സ്വാഭാവിക നീതിയുടെ തത്ത്വങ്ങൾ ലംഘിക്കപ്പെട്ടിട്ടുണ്ടെന്നും വിലയിരുത്തിയ ലേബർ കോടതി ഗാർഹികാന്വേഷണം അസാധുവാണെന്ന് പ്രഖ്യാപിച്ചു. മേനേജ്മെന്റ് ഉന്നയിച്ച കുറ്റാരോപണങ്ങൾ ലേബർ കോടതിയിൽ തെളിയിക്കാൻ മേനേജ്മെന്റ് തയ്യാറായില്ല. തുടർന്ന് തൊഴിലാളിയെ പിരിച്ചുവിട്ടത് റദ്ദാക്കിയ ലേബർ കോടതി അയാളെ മുൻകാല വേതനത്തോടെ തിരിച്ചെടുക്കണമെന്ന് വിധിച്ചു. ഇതിനെതിരെ മേനേജ്മെന്റ് ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ഗാർഹികാന്വേഷണം അസാധുവാണെന്ന് പ്രഖ്യാപിച്ച ലേബർ കോടതി കൂടുതൽ തെളിവെടുക്കാതെ തൊഴിലാളിയെ പിരിച്ചുവിട്ടത് റദ്ദാക്കിയത് തെറ്റായ നടപടിയാണെന്ന് മേനേജ്മെന്റ് വാദിച്ചു. ഗാർഹികാന്വേഷണം അസാധുവാണെന്ന് വിധിച്ചതിനു ശേഷം തെളിവ് നല്കാൻ മേനേജ്മെന്റ് സന്നദ്ധമാകാത്തതിനാൽ തൊഴിലാളിയെ തിരിച്ചെടുക്കണമെന്ന് ലേബർ കോടതി വിധിച്ചതിൽ തെറ്റില്ലെന്ന് വിലയിരുത്തിയ ഹൈക്കോടതി മേനേജ്മെന്റിന്റെ റിട്ട് ഹർജി തള്ളിക്കളഞ്ഞു.